61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 643 Participant Code: 110

വിഷയം : ആവിഷ്കാരസ്വാതന്ത്ര്യം സാമൂഹ്യജീവിതത്തിൽ

1. ആമുഖം
2. സ്വാതന്ത്ര്യം : രണ്ട് വിധത്തിൽ
3. സ്ത്രീസ്വാതന്ത്ര്യം അന്നും ഇന്നും
4. മാധ്യമസ്വാതന്ത്ര്യം പുറകോട്ടോ?
5. ലിംഗസമത്വത്തിനുള്ള സ്വാതന്ത്ര്യം.
6. പ്രബുദ്ധ കേരളമേ, നീ ലജ്ജിക്കുക.
7. ഉപസംഹാരം.

1. ആമുഖം

"സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്. അത് ഞാൻ നേടുക തന്നെ ചെയ്യും" - ബ്രിട്ടീഷ് ഭരണത്തിന്റെ അടിമയായി നടുവൊടിഞ്ഞ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് വേണ്ടി ബാലഗംഗാധര തിലകിക് ആഹ്വാനിച്ച വാക്കുകളാണ് ഇവ. എന്താണ് സ്വാതന്ത്ര്യം? ആരാവണം സ്വാതന്ത്ര്യം അനുഭവിക്കേണ്ടത് എന്ന ചോദ്യത്തിൽ നാം ജനസമൂഹത്തിന് ഇന്നും ചില സംശയങ്ങൾ നിലനിൽക്കുന്നു. ഇതിനായി ഭാരതം എങ്ങനെ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

സ്വതന്ത്ര്യമായി എന്ന് നാം ആദ്യം പരിശോധിക്കണം. നൂറ്റാണ്ടുകളോളം ഭാരതീയർ വെള്ളക്കാരുടെ അടിമത്ത്വത്തിലായിരുന്നു. സ്വന്തം നാടായ ഭാരതത്തിൽ അവർക്ക് സ്വാതന്ത്ര്യം നിഷേധിച്ചിരുന്നു. എന്നാൽ ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ നിന്നും നാം സ്വതന്ത്ര്യമായി വെള്ളരിപ്രാവുകളെപോലെ പറന്നുയരുകയാണ്. ഭാരതത്തിന്റെ 75-ാം അമൃത മഹോത്സവം ആഘോഷിക്കുന്ന ഈ വേളയിൽ, നാം ഒന്ന് പിന്നിലേക്ക് തിരിഞ്ഞു നോക്കിയാലറിയാം ഇന്ത്യ എന്ന നമ്മുടെ രാജ്യം കൈവരിച്ച മഹത്തായ നേട്ടങ്ങൾ.

സ്വാതന്ത്ര്യം നിഷേധിച്ചിടത്തു നിന്നും നാം ഇപ്പോൾ ചിറക് വിരിച്ച് പറക്കുകയാണ് - അനന്തവിഹായസ്സിലേക്ക്... സ്വാതന്ത്ര്യം ലഭിക്കാനായി ഗാന്ധിജി ക്വിറ്റ് ഇന്ത്യ സമരത്തിനിടെ ആഹ്വാനിച്ചു:-

"പ്രവർത്തിക്കുക, അല്ലെങ്കിൽ മരിക്കുക"

ഇതിനുശേഷമുണ്ടായ കൂട്ടായ പ്രവർത്തനം തന്നെയാണ് ആഗസ്റ്റ് 15. 1947ന് ~~[illegible]~~ നമ്മുടെ ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ചത്. ധാരാളം

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

സ്വാതന്ത്ര്യസമരസേനാനികളുടെ കഠിനപരിശ്രമത്താലാണ് സ്വാതന്ത്ര്യം എന്ന മോഹം സാക്ഷാത്കരിച്ചത്.

"പ്രവൃത്തി വാക്കിനേക്കാൾ വാചാലമാണ്"

എന്ന ഗോയ്ഥെയുടെ വാക്കുകൾ ഇവിടെ ഞാൻ ഓർക്കുന്നു.

2. സ്വാതന്ത്ര്യം : രണ്ട് വിധത്തിൽ

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. ഇത്തരത്തിലുള്ളൊരു ജനാധിപത്യ രാജ്യത്തിൽ ഒരു ഭരണഘടന നിർമ്മിച്ചിട്ടുണ്ട്. ഈ രാജ്യത്തിലെ നിയമങ്ങളുടെയും ജനങ്ങളുടെ അവകാശങ്ങളും കടമകളും ഉള്ള ഒരു നിയമസംഹിതയാണ് ഇന്ത്യൻ ഭരണഘടന. ലോകത്തിലെ ഏറ്റവും വലിയ എഴുതപ്പെട്ട ഭരണഘടനയാണ് ഇന്ത്യയുടേത്.

ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് ജനങ്ങൾക്കുള്ള മൗലികാവകാശങ്ങളും സ്വാതന്ത്ര്യവുമാണ്. ഇതാണ് സ്വാതന്ത്ര്യത്തിന്റെ

(Note: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ഒന്ന ഒരു വിധം ഭരണഘടന നൽകുന്ന മൗലികപരമായ ~~സ്വാതന്ത്ര്യത്തിൽ~~ സ്വാതന്ത്ര്യത്തിൽ വിദ്യാഭ്യാസത്തിനുള്ള അവകാശം, ചൂഷണത്തിന് എതിരെ പോരാടാനുള്ള സ്വാതന്ത്ര്യം തുടങ്ങി ആറ് മൗലിക അവകാശങ്ങളാണ് നമ്മുടെ ഭരണഘടനയിലുള്ളത്.

സ്വാതന്ത്ര്യത്തിന്റെ രണ്ടാമത്തെ തരമാണ് ഇന്നത്തെ വിഷയമായ ആവിഷ്കാരസ്വാതന്ത്ര്യം. എന്റെ അഭിപ്രായത്തിൽ ഒരാളുടെ ജീവിതത്തിൽ അയാൾക്ക് പ്രിയമുള്ള വിധത്തിൽ ജീവിക്കുക, അല്ലെങ്കിൽ ഒരു വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് ജീവിക്കുന്നതാണ് ആവിഷ്കാരസ്വാതന്ത്ര്യം.

ഞാൻ എന്ത് ധരിക്കണമെന്നും, എവിടെ പോകണമെന്നും, ആരുടെയൊപ്പം പോകണമെന്നും, എപ്പോൾ കരയണം, എപ്പോൾ ചിരിക്കണം, ആര് ജീവിതസഖിയെ തിരഞ്ഞെടുക്കണം, ഏത് വിഷയത്തിൽ തുടർപഠനം നടത്തണം എന്നുള്ളതെല്ലാം

ആ വ്യക്തിയുടെ ഇഷ്ടമാണ്. അത് ആ വ്യക്തിക്ക് വന്ന് ചേർന്നിട്ടുള്ള സ്വാതന്ത്ര്യമാണ്. അത് ആ വ്യക്തിക്കുള്ള ആവിഷ്കാര സ്വാതന്ത്ര്യമാണ്. എന്നാൽ ഒരു വ്യക്തിയുടെ വ്യക്തിപരമായ കാര്യത്തിൽ സമൂഹമിടപ്പെടുന്ന ഒരു സാഹചര്യമാണ് നമുക്ക് ഇവിടെ കാണാൻ കഴിയുന്നത്.

നമ്മുടെ ഭാരതത്തിൽ കൂട്ടുകുടുംബ സമ്പ്രദായം നിലനിന്നിരുന്നു. "വസുധൈവ കുടുംബകം" എന്നതായിരുന്നു നമ്മുടെ ഭാരതത്തിന്റെ ആദർശം. ഈ കൂട്ടുകുടുംബ സമ്പ്രദായത്തിൽ ഒരാളുടെ മേൽ കുടുംബത്തിലെ മറ്റ് അംഗങ്ങൾ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഇത് ആ വ്യക്തിയുടെ അച്ചടക്കമാർന്ന ജീവിതത്തിന് വഴിയൊരുക്കി. എന്നാൽ ഇതിൽ നിന്നുമെല്ലാം മാറി അണുകുടുംബത്തിലേക്ക് മാറുമ്പോൾ അതിലെ അംഗങ്ങൾ കൂടുതൽ നിയന്ത്രണങ്ങൾ ഏറ്റുവാങ്ങേണ്ടിവരുന്നു.

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

ബാല്യകാലം ആസ്വദിക്കേണ്ട കുട്ടികളോട്
കളിക്കാൻ പോലും സമ്മതിക്കാതെ അമിത
പഠനഭാരം നൽകുന്ന മാതാപിതാക്കൾ
ഇവിടെ ആ കുട്ടിയുടെ ആവിഷ്കാര
സ്വാതന്ത്ര്യത്തെയാണ് നിഷേധിക്കുന്നത്.

3. സ്ത്രീസ്വാതന്ത്ര്യം അന്നും ഇന്നും

'സ്ത്രീ അമ്മയാണ്, സഹോദരിയാണ്'
എന്നൊക്കെ ചില പ്രസംഗവേദികളിൽ കൂടി
കേൾക്കുന്ന വാക്കുകളാണ്. എന്നാൽ
വാസ്തവത്തിൽ നാം ഇന്നത്തെ സമൂഹത്തിൽ
കണ്ടുകൊണ്ടിരിക്കുന്ന സ്ത്രീസ്വാതന്ത്ര്യം
സ്വപ്നം കണ്ട പോലെയാണോ ? ഇന്നും
എവിടെയൊക്കെയോ സ്ത്രീസ്വാതന്ത്ര്യം ഒരു
സങ്കൽപ്പം മാത്രമായി നിലനിൽക്കുന്നു.
ഇത് നാം മാറ്റിയെടുക്കണം. മാറ്റങ്ങൾ
ജീവിതത്തിന്റെ ഉണ്ടാകുന്നു. എവിടെയും
മാറ്റങ്ങൾ ദൃശ്യമാണ്. അത് മനുഷ്യസഹജമാണ്.
ഈ സ്ത്രീസ്വാതന്ത്ര്യം പൂർണ്ണതയിലേക്ക്

സ്ത്രീയടക്കമുള്ള ജനസമൂഹം സ്വയം മാറണം.
ഗാന്ധിജി പറഞ്ഞതു പോലെ :-
"നിങ്ങൾ ഈ ലോകത്ത് എന്തെങ്കിലും മാറ്റങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, അത് നിങ്ങളിൽ നിന്ന് തന്നെ തുടങ്ങുക"

പ്രാചീനകാലഘട്ടത്തിൽ സ്ത്രീ സ്വാതന്ത്ര്യം എടുത്തു നോക്കുകയാണെങ്കിൽ നമുക്ക് കാണാൻ കഴിയുന്നത് സ്ത്രീ സമൂഹത്തിന് ഒട്ടും തന്നെ സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല എന്നതാണ്. അവർക്ക് വിദ്യാഭ്യാസം നിഷേധിച്ചിരുന്നു. മേൽമുണ്ട് ധരിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. കുടുംബം പുരുഷമേധാവിത്വ-ത്തിലായതിനാൽ സ്ത്രീകൾക്ക് ഒട്ടും തന്നെ സ്ഥാനം അന്നത്തെ സമൂഹത്തിൽ നൽകിയിരു-ന്നില്ല.
"വി.ടി. ഭട്ടതിരിപ്പാടിന്റെ അടുക്കളയിൽ നിന്നും അരങ്ങത്തേക്ക്" എന്ന പുസ്തകം സ്ത്രീ ശാക്തീകരണത്തിന്റെ ആവശ്യകതയും അനിവാര്യതയും സമൂഹത്തിനോട് വിളിച്ചോതുന്നു.

ഇന്നത്തെ കാലഘട്ടത്തിൽ സ്ത്രീ സ്വാതന്ത്ര്യം മെച്ചപ്പെട്ട രീതിയിലാണ്. ഏകദേശം എല്ലാ മേഖലകളിലും സ്ത്രീ സാന്നിധ്യം വന്നുകൊണ്ടിരി-ക്കുന്നു. ഈയിടെ പി.ടി. ഉഷ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ പ്രസിഡന്റായത് നമുക്കഭിമാനമാണ്. ഈയൊരു പദവിയിൽ എത്തുന്ന ആദ്യ വനിതയുമാണ്.

ഇന്ത്യൻ പ്രസിഡന്റ് ഒരു വനിതയാണ്. ഈയിടെ ഫിഫ ലോകകപ്പിൽ റെഫറിയായി എത്തിയതും ഒരു വനിതയാണ്. നേട്ടങ്ങൾ കൈവരിച്ച സാനിയ മിർസ, പി.വി. സിന്ധു പോലുള്ളവരും വനിതാ പ്രതിഭകളാണ്. സ്ത്രീ വിദ്യാഭ്യാസത്തിനെതിരെ പോരാടിയ മലാല യൂസഫ് സായിയും ഒരു വനിതാ ശക്തിയാണ്. എന്നാൽ എന്തുകൊണ്ടാണ് ഇന്ത്യൻ പ്രധാനമന്ത്രിമാരിൽ ഒരാൾ മാത്രം വനിതയായത്, എന്തുകൊണ്ട് ഒരൊറ്റ വനിതാ പ്രസിഡന്റുമാർ, എന്തുകൊണ്ട് വിരലിൽ എണ്ണി എണ്ണാവുന്ന കലാ-കായിക വനിതാ

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

പ്രതിഭകൾ? ഈ ചോദ്യങ്ങളെല്ലാം എന്നെ
ഉണർത്തിയ കാര്യങ്ങളാണ്. കായിക
രംഗത്തെ താരങ്ങളായ പി.വി. സിന്ധു,
മേരി കോം പോലുള്ളവരുടെ നേട്ടങ്ങളെ
അഭിനന്ദിച്ചു പ്രശംസിക്കുന്ന ഓരോ
മാതാപിതാക്കളും തന്റെ പെൺകുട്ടിയെ
എന്തുകൊണ്ട് അങ്ങനെ ആക്കാൻ ശ്രമിക്കു-
ന്നില്ല? എവിടെയെല്ലാമാണ് സ്ത്രീ
സ്വാതന്ത്ര്യത്തിന് വിലങ്ങു വീഴുന്നത്.

ഈ ചോദ്യങ്ങളെല്ലാം നാം സ്വയം
ചോദിക്കണം. വെറും വാർത്താചാനലിലെ
എട്ടുമണി വാർത്താ ഡിബേറ്റിലെ ചോദ്യചിഹ്നമായി
മാത്രം നിലനിൽക്കേണ്ടതല്ല ഇവ. സ്ത്രീധനം
പോലുള്ള സ്ത്രീയുടെ സ്വാതന്ത്ര്യത്തിന്
തീർത്തും ~~എതിരാ~~ വിരുദ്ധമായ ചെയ്തികൾ
നാം അവസാനിപ്പിക്കണം. സ്ത്രീ പീഡനങ്ങളും
സ്ത്രീകളുടെ മാനത്തിന് ഭംഗം വരുത്തുന്നതു-
മായ ആനുകാലിക സംഭവങ്ങൾ നാം
ഒരുമയോടെ മാറ്റിയെടുക്കണം.

"സഹോദരന്മാരെ പോലെ നാം ഒന്നിച്ചു
നിൽക്കണം ഇല്ലെങ്കിൽ മൂഢരെപോലെ
നാം നശിക്കും" എന്ന മാർട്ടിൻ ലൂഥർ കിങ്ങിന്റെ
വാക്കുകൾ നമുക്ക് ഓർമ്മയുണ്ടാവണം.
സ്ത്രീസമൂഹത്തിനായി നാം എന്നും എപ്പോഴും
നിലനിൽക്കണം. കാരണം പുരുഷന് ഉള്ളതു
പോലെ തന്നെ സ്ത്രീകൾക്കും
ആവിഷ്കാര സ്വാതന്ത്ര്യമുണ്ട്....

4. മാധ്യമസ്വാതന്ത്ര്യം പുറകോട്ടോ?

ഇന്ത്യൻ ജനാധിപത്യത്തിന്റെ നെടും
തൂണുകൾ എന്ന് വിശേഷിപ്പിക്കുന്നവയിൽ
ഒന്നാണ് മാധ്യമങ്ങൾ. ശരിയായ വാർത്ത
വളച്ചൊടിക്കാതെ ജനങ്ങളിലേക്ക് എത്തിക്കുക
എന്നതാണ് മാധ്യമങ്ങളുടെ യഥാർഥ ധർമ്മം.
എന്നാൽ ഇന്നത്തെ സമൂഹം പണക്കൊതിയന്മാർ
ആയതിനാൽ ഈ ധർമ്മം മാധ്യമങ്ങൾ
പുലർത്തുന്നുണ്ടോ എന്നത് സംശയകരമാണ്.
എന്നാൽ മറ്റൊരു വശത്ത് മാധ്യമസ്വാതന്ത്ര്യം

നിഷേധിക്കുന്ന അവസരമാണുള്ളത്. തെറ്റിനെ-
തിരെ വാർത്ത നൽകാനോ ഒരു സംഘടനയുടെ
തെറ്റായ പ്രവർത്തിക്ക് എതിരെ വാർത്ത
നൽകാനോ സത്യം പുറത്ത് കൊണ്ടു
വരാനോ ഇന്നത്തെ മാധ്യമങ്ങൾ സ്വാതന്ത്ര്യ-
മില്ലായ്മ നേരിടുന്നു. വാർത്ത ജനങ്ങളിലേക്ക്
എത്തിക്കാനുള്ള മാധ്യമങ്ങളുടെ സ്വാതന്ത്ര്യവും
അത് കണ്ട് മനസ്സിലാക്കാനുള്ള ജനങ്ങളുടെ
സ്വാതന്ത്ര്യവും ആവിഷ്കാര സ്വാതന്ത്ര്യമാണ്.

എന്നാൽ ഇന്ന് ചില സംഭവങ്ങൾ
നമുക്ക് നൽകുന്നത് മാധ്യമങ്ങൾക്ക് സ്വാതന്ത്ര്യം
നിഷേധിക്കുന്നതാണ്. ഇന്നലെ പത്രത്തിൽ
വന്ന വാർത്തയാണ് - ഒരു അഭിമുഖം നടത്തി
എന്ന പേരിൽ ഇറാനിയൻ സാഹിത്യകാരനും
മാധ്യമ പ്രവർത്തകനുമായ ഒരാളെ വധശിക്ഷക്ക്
വിധിച്ചത്. 2017 ൽ ഗൗരി ലങ്കേഷിന്റെ
കൊലപാതകവും ഇത് തന്നെ സൂചിപ്പിക്കുന്നു.
എം.എം. കൽബുർഗി~~യുടെ~~ വധിക്കപ്പെട്ടതും മാധ്യമ
സ്വാതന്ത്ര്യത്തിന് വന്ന് ചേർന്ന തകർച്ചയാണ്.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

5. ലിംഗസമത്വത്തിനുള്ള സ്വാതന്ത്ര്യം

ഈയിടെ വിവാദമായ ഒരു ചർച്ചയാണ് ഹോസ്റ്റലിലെ പെൺകുട്ടികളുടെ സമയക്രമം. അവർ വാദിക്കുന്നത് തങ്ങൾക്കും രാത്രി കാലത്ത് യാത്രയ്ക്ക് സ്വാതന്ത്ര്യമുണ്ട് എന്നാൽ അത് ആൺകുട്ടികൾക്ക് മാത്രവും തങ്ങൾക്ക് രാത്രിയാത്ര സ്വാതന്ത്ര്യം നിഷേധിക്കുന്നു എന്നതാണ്. എന്നാൽ സ്ത്രീകൾക്ക് രാത്രിയാത്ര സുരക്ഷിതമല്ല എന്നാണ് മുതിർന്നവരുടെ വാദം.

ഇവിടെയാണ് ലിംഗസമത്വം ചർച്ചയാവുന്നത്. രണ്ട് ലിംഗക്കാർക്കും തുല്യത ഉറപ്പാക്കണം. കേരളത്തിൽ നടപ്പിലാക്കിയ "ന്യൂട്രൽ യൂണിഫോം" ഉത്തമ ഉദാഹരണമാണ്. ഇത് കൂടാതെ ഭിന്നലിംഗരും ഈ സമൂഹത്തിൽ ഇന്നുണ്ട്. എന്നാൽ അവരെ ഈ സമൂഹം അഴുക്കായിട്ടാണ് കണക്കാക്കുന്നത്. പക്ഷെ അവർ ഈ സമൂഹത്തിന്റെ അഴുക്കല്ല, അഴകാണ് എന്ന് നാം

മനസ്സിലാക്കണം. അവർക്കും ഈ സമൂഹത്തിൽ ആവിഷ്കാര സ്വാതന്ത്ര്യമുണ്ട്.

6. പ്രബുദ്ധ കേരളമേ, നീ ലജ്ജിക്കുക

"ഓർക്കേണ്ടത് മറക്കരുത്, മറക്കേണ്ടത് ഓർക്കരുത്" എന്നത് കുഞ്ഞുണ്ണി മാഷിന്റെ വരികളാണ്. അതെ ചില കാര്യങ്ങൾ നാം എപ്പോഴും ഓർക്കണം. തലശ്ശേരിയിൽ കാറിൽ ചാരി നിന്നു എന്ന ഒറ്റ കാരണത്താൽ ഒരു കുട്ടിയെ ചവിട്ടി തെറിപ്പിച്ച ആ ക്രൂര മനസ്സ്. സൂപ്പിലെ സയനൈഡും കഷായത്തിലെ വിഷവും. ഒരു കാർ എന്ന മോഹത്തിന് ഒരു പെണ്ണിന്റെ മോഹങ്ങൾക്ക് വിലങ്ങ് കൽപ്പിച്ച ഒരു ഭർത്താവിന്റെ കഥ വിസ്മയകരം! പാമ്പിനിരയായ ഭാര്യയും ബലിക്കിരയായ സ്ത്രീകളും. ലഹരിക്കടത്തിന്റെ പാഠ്യ പുസ്തകത്തിൽ 250-ഓളം വിദ്യാർത്ഥി-കളുടെ പേരും ഫോൺ നമ്പറും. സാക്ഷരതയിൽ ഒന്നാമതുള്ള കേരളം ഇന്ന് തലതാഴ്ത്തുന്നു.

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

ഈ ക്രൂര പ്രവർത്തികളുടെയെല്ലാം ഇരകളായവരുടെ ആവിഷ്കാര സ്വാതന്ത്ര്യമാണ് ഇവിടെ നഷ്ടപ്പെടുന്നത്.

⊛ 7. ഉപസംഹാരം

ഗാന്ധിജിയുടെ ഏഴ് സാമൂഹിക പാപങ്ങൾ-

① മനുഷ്യത്വമില്ലാത്ത ശാസ്ത്രം.
② മനസ്സാക്ഷിയില്ലാത്ത ആനന്ദം
③ സ്വഭാവമില്ലാത്ത അറിവ്.
④ ജോലിയില്ലാത്ത സമ്പത്ത്.
⑤ ധാർമികതയില്ലാത്ത കച്ചവടം
⑥ തത്വമില്ലാത്ത രാഷ്ട്രീയം
⑦ ത്യാഗമില്ലാത്ത ആരാധന.

ഈ സാമൂഹിക പാപങ്ങൾ പരിഹരിച്ച് നീങ്ങുകയാണെങ്കിൽ സാമൂഹ്യജീവിതത്തിൽ നമുക്ക് ആവിഷ്കാര സ്വാതന്ത്ര്യം ആവിഷ്കരി- ക്കാൻ സാധിക്കും. നന്മയെ കണ്ടെത്തി വളർത്താനും തിന്മയെ തിരിച്ചറിഞ്ഞ്

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

തിരുത്താനും നമുക്ക് സാധിക്കണം.
കെട്ടകാലത്തിന്റെ കെടുതികളിൽ നിന്ന്
കുതറിമാറി നാം സർഗസഞ്ചാരപഥങ്ങ-
ളിലൂടെ കുതിക്കണം.

കുഞ്ഞുണ്ണി മാഷിന്റെ വരികൾ പോലെ:-
"പിന്നോട്ട് മാത്രം നടക്കാൻ കഴിയുന്ന
കാലുകൾ കൊണ്ട് നാം മുന്നോട്ട് പായണം".

ലോകം മുഴുവൻ സുഖം പകരാനായി
നമുക്ക് സ്നേഹദീപങ്ങൾ തെളിയിക്കാം.
പ്രതീക്ഷയുടെ തീജ്ജ്വാലകൾ കത്തിജ്ജ്വലി-
ക്കട്ടെ. വിജയത്തിലേക്കുള്ള അഷ്ടമാർഗ്ഗങ്ങൾ
നമുക്ക് ജീവിതത്തിൽ പുലർത്താം:-

① ശരിയായ പ്രാർത്ഥന
② ശരിയായ വിശ്വാസം
③ ശരിയായ കർമ്മം
④ ശരിയായ ജീവിതം
⑤ ശരിയായ ഏകാഗ്രത

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala School Kalolsavam, Kozhikode, Date.

(6) ശരിയായ പരിശ്രമം
(7) ശരിയായ സംഭാഷണം
(8) ശരിയായ പ്രതിജ്ഞ.

"യതോധർമ്മ, തതോജയ" എന്ന സുപ്രീം കോടതിയുടെ ആപ്തവാക്യം നമുക്ക് മനസ്സിൽ കോറിയിടാം.....

x x

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)